55 (2365) പോലീസ് വകുപ്പിലെ ക്ലാസ്സ്-IV ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പോലീസ് വകുപ്പിൽ ക്ലാസ്സ്-IV ജീവനക്കാരായ കുക്ക്, വാട്ടർ ക്യാരിയർ, ദോബി, ബാർബർ, സ്വീപ്പർ എന്നിവർക്ക് സേവന-വേതന വ്യവസ്ഥകളോ സർവ്വീസ് റൂളുകളോ ഉണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

പോലീസ് സേനയുടെ പ്രത്യേക റൂൾസ് ഇവർക്ക് ബാധകമല്ല. ഈ വിഭാഗത്തിന് പ്രത്യേക റൂൾസ് ഉണ്ടാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

56 (2366) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻമാർ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കേസ്സുകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിൽ കൂടുതൽ വിജിലൻസ് ട്രിബ്യൂണലുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിജിലൻസ് വകുപ്പ് ഇതുവരെയായി എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ട്;

(ഡി) ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) വിവിധ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരും ശിക്ഷയുടെ വിവരവും വെളിപ്പെടുത്തുമോ;

(എഫ്) വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു ഉന്നതതല സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം, എറണാകുളം ജില്ലകൾ ആസ്ഥാനമാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ രണ്ട് പോലീസ് സൂപ്രണ്ട് ഓഫീസുകൾ അനുവദിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. കൂടാതെ കൂടുതൽ അന്വേഷണ ഉദ്യോഗസ്ഥൻമാരെ നിയമിക്കുകയും പുതിയ വാഹനങ്ങൾ വാങ്ങുകയും എല്ലാ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കുകയും അതാതു വകുപ്പുകളിലെ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരെ വിജിലൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ചുമതലയിൽ ഐ.എം.ജി.യുടെ സഹകരണത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൈക്കൂലിക്കെതിരായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കൈക്കൂലിക്കെതിരായി ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുതിയ ഒരു വിജിലൻസ് ട്രിബ്യൂണൽ ആരംഭിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) നിലവിലുള്ളതിന് പുറമേ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1023 ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേസ്സ് എടുത്തിട്ടുണ്ട്.

(ഡി) ഈ കേസ്സുകളിൽ പലതിലുമുള്ള രഹസ്യസ്വഭാവം പരിഗണിച്ച് പേരുവിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) താഴെപ്പറയുന്നവരാണ്

1. ശ്രീ. ആർ. രാമചന്ദ്രൻ നായർ ഐ.എ.എസ്. (റിട്ടയേർഡ്)
2. ശ്രീ. പി.കെ. മൊഹന്തി ഐ.എ.എസ്.
3. ശ്രീ. സി.വി. ആനന്ദബോസ് ഐ.എ.എസ്.
4. ശ്രീ. പി.എച്ച്. കുര്യൻ ഐ.എ.എസ്.
5. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്. (റിട്ടയേർഡ്)
6. ശ്രീ. വി. സോമസുന്ദരം ഐ.എ.എസ്.
7. ശ്രീ. എൻ.വി. മാധവൻ ഐ.എ.എസ്.
8. ശ്രീ. ഗ്യാനേഷ് കുമാർ ഐ.എ.എസ്.
9. ശ്രീ. അമിതാഭ് കാന്ത് ഐ.എ.എസ്.
10. ശ്രീ. കെ. സുരേഷ് കുമാർ ഐ.എ.എസ്.
11. ശ്രീ. പി.കെ. ലാബോദരൻ നായർ ഐ.പി.എസ്.
12. ശ്രീ. സ്കറിയാ സെബാസ്റ്റ്യൻ ഐ.പി.എസ്.
13. ശ്രീ. ജോസഫ് തോമസ് ഐ.പി.എസ്.
14. ശ്രീ. എ.കെ. ധരണി ഐ.എഫ്.എസ്.
15. ശ്രീ. പി. കൃഷ്ണൻ ചെട്ടിയാർ ഐ.എഫ്.എസ്. (റിട്ടയേർഡ്)
16. ശ്രീ രവികുമാർ ഐ.എഫ്.എസ്.
17. ശ്രീ. പി.കെ. സ്കറിയ ഐ.എഫ്.എസ്.
18. ശ്രീ. പി.കെ. സുരേന്ദ്രനാഥൻ ആശാരി ഐ.എഫ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly